LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ഫെബ്രുവരി 6, വെള്ളി

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2004 ഫെബ്രുവരി മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 331.

ഇടുക്കി ഡാമിന്റെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ

*1 [331] ശ്രീ. എം. പി. ഗംഗാധരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ:
" ടി. എൻ. പ്രതാപൻ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന ഭൂകമ്പ മാപിനികൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ;

(ബി) അല്ലെങ്കിൽ അവ മാറ്റി പുതിയവ സ്ഥാപിക്കാത്തതെന്തുകൊണ്ടാണ്;

(സി) ഇടുക്കി ഡാം ബന്ധിപ്പിച്ചിരിക്കുന്ന കുറവൻ-കുറത്തി മലകൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ടോ;

(ഡി) കുറവൻമലയുടെ മുകൾഭാഗത്തുനിന്ന് കൂറ്റൻ പാറക്കല്ല് അടർന്ന് വീണുവോ;

(ഇ) കൂടുതൽ പാറകളിൽ വിള്ളലുകൾ ഉണ്ടായിട്ടുണ്ടോ;

(എഫ്) ഇടുക്കി ആർച്ച് ഡാമിന് ചലനവ്യതിയാനം സംഭവിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത ഡാമിന്റെ സുരക്ഷയ്ക്ക് എന്തെല്ലാം പണികൾ ആവശ്യമായിട്ടുണ്ട്;

(എച്ച്) പ്രസ്തുത പണി നടത്താത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ,

(എ) അതെ.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) 13-1-2004-ൽ കുറവൻ മലയുടെ പാർശ്വഭാഗത്ത് നിന്നും ഉദ്ദേശം 10 മീറ്റർ നീളവും 0.5 മീറ്റർ കനവും 3.6 മീറ്റർ വീതിയും ഉള്ള ഏകദേശം 18 ഘനമീറ്റർ വ്യാപ്തം വരുന്ന പാറയുടെ ഒരു പാളി പല കഷണങ്ങളായി അടർന്ന് വീഴുകയുണ്ടായി.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി, എച്ച്) ഡാമിന്റെ സുരക്ഷയ്ക്കാവശ്യമായിട്ടുള്ള പണികൾ താഴെ പറയുന്നവയാണ്:

1. ഡാമിന്റെ കോൺക്രീറ്റിലുണ്ടാകുന്ന മർദ്ദ വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.
2. ഡാമിന്റെ അസ്ഥിവാരത്തിൽ വരുന്ന മർദ്ദ വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.
3. ആർച്ച് ഡാമിന്റെ ചലന വ്യത്യാസങ്ങൾ നിരീക്ഷിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

4. റോക്ക് കോൺക്രീറ്റ് ജോയിന്റിന്റെ ഉറപ്പ് നോക്കുക.
5. ഡാം താഴ്ന്നുപോകുന്നുണ്ടോ എന്ന് പരിശോധിക്കുക.
6. ഡാമിന്റെ ഗ്യാലറിയുടെ സെറ്റിൽമെന്റ് നിരീക്ഷിക്കുക.
7. നിരീക്ഷണത്തിനു വേണ്ടി ഡാം മൊത്തമായി വൃത്തിയാക്കുക.
8. ഡാമിന്റെ ഗ്യാലറിയിലുള്ള കാൽസിനേഷൻ നീക്കം ചെയ്യുക.
9. ഡാമിലുള്ള ഡ്രെയിൻ ഹോളുകൾ വൃത്തിയാക്കുക.
10. ഡാമിലുള്ള സ്വീപ്പേജ് നിരീക്ഷിക്കുക.
11. കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന ലിഫ്ടിന്റെ അറ്റകുറ്റ പണികൾ, ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ, ഡാമിന്റെ മുകൾഭാഗം വൃത്തിയാക്കൽ, അനുബന്ധ റോഡുകളുടെ അറ്റകുറ്റപണികൾ.

മേൽപ്പറഞ്ഞ പണികൾ സമയാസമയങ്ങളിൽ നടത്തുന്നുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഇടുക്കി പദ്ധതിയോട് അനുബന്ധിച്ചുള്ള ഡാമുകൾക്ക് കാലാകാലങ്ങളിൽ വേണ്ട റിപ്പയറും, മെയിന്റനൻസും നടത്താറുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, ഉണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: ഡാമിന് സമീപത്തുള്ള മലയിൽ നിന്നും വലിയ കല്ലുകൾ ഇടിഞ്ഞുവീണത് ഭൂകമ്പത്തിന്റെ ഫലമായിട്ടാണോ?

ശ്രീ. കടവൂർ ശിവദാസൻ: അല്ല, കാലാവസ്ഥയിൽ വരുന്ന മാറ്റമനുസരിച്ച് പാറപ്പുറത്ത് ചില രാസവ്യതിയാനങ്ങൾ വരും, അതിന്റെ ഭാഗമായിട്ടായിരിക്കും. ഇത് ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റുമായി ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്, പഠിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായം പ്രഥമദൃഷ്ട്യാ ഭൂചലനവുമായി ബന്ധമൊന്നുമില്ല എന്നുള്ളതാണ്.

ശ്രീ. ഡി. സുഗതൻ: ഇടുക്കി ആർച്ച് ഡാമിന്റെ സുരക്ഷാ ചുമതല ഏതെങ്കിലും പ്രത്യേകമായ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷാവർഷങ്ങളിൽ എന്തു തുകയാണ് ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ബോർഡ് തന്നെ ചെയ്യുകയാണ്.

ശ്രീ. ഡി. സുഗതൻ: കല്ലാർ ഡൈവർഷൻ ഡാമിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നപക്ഷം ഇടുക്കി ജലവൈദ്യുത ഉൽപ്പാദനത്തിന് എന്തെങ്കിലും കുറവ് സംഭവിക്കാൻ ഇടയുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ കാസ്റ്റ്യനുമായി ബന്ധപ്പെട്ടതല്ല, ഡാമിൽ നിന്നും അവർ വെള്ളം ചോർത്തിയാൽ സ്വാഭാവികമായിട്ടും നമുക്ക് അത്രയും വെള്ളം നഷ്ടപ്പെടുക തന്നെയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: കേരളത്തിൽ എവിടെയൊക്കെയാണ് ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇടുക്കി-ആലടി-കുളമാവ്, ഇടുക്കി ഇന്നർനെറ്റ്, ഇടുക്കി ഔട്ടർനെറ്റ്, പള്ളം-പമ്പ-മീൻകെട്ട്, ഇടമലയാർ നെറ്റ്-ഇടമലയാർ-ഷോളയാർ, പെരിങ്ങൽകുത്ത്, ചോറ്റുപാറ, കുട്ടംപുഴ എന്നിവിടങ്ങളിലും പൂയംകുട്ടിക്കു വേണ്ടി ഒരെണ്ണം വള്ളക്കടവിലും, മുല്ലപ്പെരിയാറിനു വേണ്ടി സെസ്സ്, പീച്ചിയിലും ഇൻഡ്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് തിരുവനന്തപുരത്തും ഭൂകമ്പമാപിനികൾ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ എവിടെയെങ്കിലും ഭൂചലനം രേഖപ്പെടുത്തിയതായി അറിവുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ഉണ്ടായ ഭൂചലനത്തിന്റെ കണക്ക് 8-11-2003-ൽ തരിയോട് 4.2, 15-11-2003-ൽ ഈരാറ്റുപേട്ട 2.5, 2.4, 1.7, 29-12-2003-ൽ ഈരാറ്റുപേട്ട 2.71, 9-1-2004-ൽ കുളമാവ് 1.2 എന്നീ റിക്ടർ സ്കെയിലുകളിലാണ്.

ശ്രീ. ഇ. എം. അഗസ്തി: ഇടുക്കി പദ്ധതിയുടെ ഭാഗമായി 24 കിലോമീറ്റർ ദൈർഘ്യമുള്ള കൃത്രിമ ജലാശയമാണ് രൂപംകൊണ്ടിരിക്കുന്നത്. തത്ഫലമായി ഭൂചലനം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ ഉണ്ടെന്നുള്ളതുകൊണ്ടാണ് ഭൂചലന കാര്യത്തെപ്പറ്റി പഠനം നടത്തുന്നതിനുള്ള മുൻകരുതൽ നടപടി സാങ്കേതിക വിദ്യ കൈമാറിയ കനേഡിയൻ ഗവൺമെന്റുമായി ആലോചിച്ച് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം സ്ഥാപിച്ചിട്ടുള്ള ഭൂചലനമാപിനികൾ യഥാസമയം പ്രവർത്തിക്കുന്നില്ല. ഇന്ന് കാലാകാലങ്ങളിൽ കനേഡിയൻ കമ്പനിയുമായി ഇക്കാര്യത്തെ സംബന്ധിച്ച് കൂടിയാലോചന നടത്തി ആധുനികവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണമെന്നുള്ള ഇടുക്കി പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകൾ പാലിക്കുന്നതിൽ ഇലക്ട്രിസിറ്റി ബോർഡ് വീഴ്ച വരുത്തുന്നതായുള്ള പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അപ്രകാരം സംഭവിക്കുന്നുവെങ്കിൽ ആ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പറഞ്ഞ എല്ലാ സ്ഥലത്തും പ്രവർത്തനം നടത്തുന്നുണ്ട്. ചിലപ്പോൾ സ്റ്റാഫിന്റെ അസൗകര്യംകൊണ്ട് ഒന്നോ രണ്ടോ ദിവസം നോക്കാതിരുന്നു എന്നുവരാം. പിന്നെ ഇപ്പോൾ ലേറ്റസ്റ്റ് ഇൻഫർമേഷൻ ടെക്നോളജിയനുസരിച്ച് ഈ സിസ്റ്റം പുതുക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം അഗസ്തി: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സ്റ്റാഫിന്റെ അപര്യാപ്തതമൂലം ചിലപ്പോൾ ചില വീഴ്ചകൾ സംഭവിക്കാൻ ഇടയുണ്ട് എന്നാണ് പറഞ്ഞത്. വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇടുക്കി ജില്ലയിലാകെ ഡാമുകളും കൃത്രിമ ജലാശയങ്ങളുമുണ്ട്. ആ പ്രദേശത്തിന്റെ ഭൂഘടനയ്ക്കു തന്നെ വ്യത്യാസം ഉണ്ടാകത്തക്ക നിലയിൽ വലിയ സമ്മർദ്ദം മലനിരകളിൽ നിൽക്കുകയാണ്. 24 കിലോമീറ്റർ വിസ്തൃതിയുള്ള, അതിവിസ്തൃതമായ ഒരു ജലാശയം രൂപംകൊണ്ടപ്പോൾ ഇപ്രകാരമുള്ള സാദ്ധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ശാസ്ത്രീയമായ പഠനവും വിലയിരുത്തലുകളും വേണമെന്ന് ഇതിന്റെ ഭാഗമായിത്തന്നെ തീരുമാനിച്ചത്. അപ്രകാരമുള്ള ഒരു കാര്യത്തിൽ സ്റ്റാഫിന്റെ അഭാവംമൂലം വീഴ്ച വന്നിട്ടുണ്ടാകാം എന്ന് പറയുന്നത് വളരെ ദുഃഖകരമാണ്. ഇനിയെങ്കിലും ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പറഞ്ഞപോലുള്ള കാര്യങ്ങൾ ഒന്നുമില്ല. ചിലപ്പോൾ ഒരുദിവസം ഒരു സ്റ്റാഫ് പോയില്ല എന്നു വന്നേയ്ക്കാം എന്നുള്ളതു കൊണ്ടാണ് പറഞ്ഞത്. കഴിഞ്ഞ മൂന്നുമാസത്തെ റീഡിംഗ് നിങ്ങളെ വായിച്ചു കേൾപ്പിച്ചു. ഇത് ഗൗരവമായി നോക്കുന്നുണ്ട് എന്നുള്ളതിന്റെ തെളിവാണ് റീഡിംഗ് ചോദിച്ച ഉടനെ പറയാൻ കഴിഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇടുക്കി പദ്ധതിയുടെ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള നടപടികളെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. അവിടെ മൽസ്യബന്ധനത്തിനുവേണ്ടി നിൽക്കുന്ന ആളുകൾ ഉണ്ട്. അതോടൊപ്പം Photo prohibited area-യിലും ആളുകൾ പ്രവേശിക്കുന്നു, അനധികൃതമായി അതുവഴി പോകുന്നു എന്നുള്ള പരാതികൾ ധാരാളം വന്നിട്ടുണ്ട്. അവിടെ access ഇല്ലാത്ത പ്രദേശങ്ങളിൽപ്പോലും ഇങ്ങനെ അനധികൃതമായി ആളുകൾ ചെല്ലുന്നതിനെ സംബന്ധിച്ച് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇത് സുരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അല്ലാതെ അങ്ങനെയുള്ള കംപ്ലെയിന്റുകൾ ഒന്നും ഉണ്ടായിട്ടില്ല. പിന്നെ ഇത്തരം ഡാമുകളിൽ ആദിവാസികളെയല്ലാതെ വേറെ ആരെയും മൽസ്യം പിടിക്കാൻ അനുവദിക്കാറില്ല. ആദിവാസികൾ അവരുടെ റൈറ്റ് എന്ന നിലയിൽ എല്ലാ ഡാമുകളിലും ജലസംഭരണികളിലും നിന്ന് കുറേശ്ശെ മൽസ്യം പിടിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇടുക്കി ഡാമിന്റെ സുരക്ഷിതത്വം വളരെ പ്രധാനമായിട്ടുള്ള ഒരു പ്രശ്നമാണെങ്കിലും ഇടുക്കി ഡാമുമായി ബന്ധപ്പെട്ടുള്ള റിസർവോയർ ഈയടുത്തയിടെ ചില ആളുകൾ കയ്യേറി അവിടെ ബലമായി ഒരു

ക്ഷേത്രം സ്ഥാപിച്ചതായിട്ടും അതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് അവർക്ക് അനുകൂലമായ വിധിയുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് കൂട്ടുനിന്നതായിട്ടുമുള്ള ആരോപണം ഉയർന്നുവന്നിട്ടുണ്ട്. അവിടെ വെള്ളം ഉയരുന്ന സാഹചര്യം വന്നുകഴിഞ്ഞാൽ ഇതൊരു വലിയ പ്രശ്നമായിട്ട് മാറാൻ ഇടയുണ്ട് എന്ന കാര്യം പരിഗണിച്ച് ഇതിൽ അടിയന്തിര ഇടപെടൽ നടത്തുന്നതിന് ഗവൺമെന്റിന് സാധിച്ചില്ല എന്ന കാര്യം ഗവൺമെന്റ് സമ്മതിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അതിലുള്ള ദുഃസൂചനകൾ ഒന്നും ശരിയല്ല. അപ്പോൾതന്നെ കളക്ടർക്ക് ഇത് റിപ്പോർട്ട് ചെയ്യുകയും, പോലീസ് ഫോഴ്സിനെ വയ്ക്കാനായിട്ടുള്ള നിർദ്ദേശം നൽകുകയും ചെയ്തു. ഏതായാലും കൂടുതൽ സുരക്ഷിതത്വത്തിനു വേണ്ടി ബോർഡ് ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തു. അവർ തടഞ്ഞു, സ്റ്റേ കൊടുക്കാനായിട്ട്. താൽക്കാലികമായിട്ട് തടഞ്ഞതിനുശേഷം സിവിൽ കോടതിയിലാണ് കേസ് കൊടുക്കേണ്ടത് എന്ന് കോടതി ഡയറക്ട് ചെയ്തു. സബ് കോടതിയിൽ കേസ് കൊടുത്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. അവിടെ പോലീസ് പ്രൊട്ടക്ഷനുണ്ട്. പിന്നെ ഇപ്പോഴത്തെ ശബരിമല വിളക്കിന്റെ സമയത്ത് ഒരു ദിവസത്തെ പൂജ അവിടെ നടത്തണമെന്ന് ആവശ്യപ്പെട്ട് അവർ പ്രത്യേക പെറ്റീഷൻ കൊടുത്തു. ഒരു ദിവസത്തേയ്ക്ക് നടത്തുന്നതിന് കോടതി അനുവദിച്ചു, അത് നടത്തിയിട്ട് അവർ പോയി. അല്ലാതെ വേറെ യാതൊന്നുമില്ല. അവിടെ പോലീസ് പ്രൊട്ടക്ഷനും കാര്യങ്ങളും ഉണ്ട്. പെട്ടെന്ന് ഒരു ദിവസം ഇങ്ങനെ ചെയ്തു എന്നുമാത്രമേയുള്ളൂ.

ശ്രീ. കെ. ബാബു: നമ്മുടെ ഡാമുകളിൽ എല്ലാം സെഡിമെന്റേഷൻമൂലം സ്റ്റോറേജ് കപ്പാസിറ്റി കുറയുകയാണ്. ഇത് ഡ്രഡ്ജ് ചെയ്ത് മണ്ണ് കളയണം എന്നുള്ള വ്യവസ്ഥ ഡാമുകളുടെ ഡിസൈനിൽ തന്നെ ഉണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ ഇതുവരെ ഏതെങ്കിലും ഡാമിന്റെ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇടുക്കിയിൽ നിന്ന് സെഡിമെന്റേഷൻ കുറെശ്ശെ വന്നു തുടങ്ങിയിട്ടുണ്ട്. എല്ലാ ഡാമുകൾക്കും ഒരു dead storage ഡിസൈനിൽതന്നെ പ്രൊവൈഡ് ചെയ്യും. ഇടുക്കിയിലൊക്കെ ആ dead storage വളരെ കൂടുതലാണ്. ചിലയിടത്തൊക്കെ കുറച്ച് സെഡിമെന്റേഷൻ കൂടിയിട്ടുണ്ട്. ഈ സെഡിമെന്റേഷൻ മാറ്റുകയെന്നുള്ളത് വളരെ പണച്ചെലവുള്ള ഒരു കാര്യമാണ്. ലോകത്തെങ്ങുംതന്നെ അതങ്ങനെ കംപ്ലീറ്റായിട്ട് വലിയ ഡാമുകളിൽ ക്ലിയർ ആകുന്നില്ല. എങ്കിലും ഇത് മാറുന്നതിനെപ്പറ്റി ബോർഡ് ഒരു ആലോചന നടത്തിയിട്ടുണ്ട്. ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ച് ഏറ്റവും കൂടുതൽ സെഡിമെന്റേഷൻ ഉള്ളിടത്തുനിന്ന് സാമ്പിൾ എടുത്ത് അതിൽ ചെളി,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എക്കൽ, മണ്ണ് എന്നിവ എത്രയാണ് ഉള്ളത് എന്നത് സംബന്ധിച്ച് ഒരു പഠനം നടത്താൻ അവരോട് പറഞ്ഞിരിക്കുകയാണ്. ഇപ്പോൾ മണലിന്റെ ലഭ്യത നമ്മുടെ രാജ്യത്ത് വളരെ കുറവായതുകൊണ്ട് ഈ മണൽ വാരാൻ കോൺട്രാക്ടർമാരോ, ഏജൻസികളോ താൽപ്പര്യം കാണിക്കുമെന്നുള്ളതാണ് എന്റെ കണക്കുകൂട്ടൽ. അപ്പോൾ അതനുസരിച്ചുള്ള പഠനം നടത്തി, മണൽ സബ്സ്റ്റാൻഷ്യൽ പോർഷൻ ഉണ്ടെങ്കിൽ, ആ മണൽ വാരാനുള്ള അവകാശം കോൺട്രാക്ട് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ക്ളിക്ക് ചെയ്യുകയാണെങ്കിൽ ചിലപ്പോൾ ബോർഡിന് എന്തെങ്കിലും തുക കിട്ടിയെന്നും വരും. ഇതെല്ലാം ക്ളീൻ ആകുകയും ചെയ്യും. കാരണം മണലിന് വലിയ ഷോർട്ടേജും വലിയ വിലയുമാണ്. അതിൽ മണലിന്റെ ലഭ്യത എത്രയാണെന്നുള്ളതിന്റെ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> ഈ അയ്യപ്പക്ഷേത്രവുമായി ബന്ധപ്പെട്ട് കയ്യേറ്റം നടന്നു എന്ന് അങ്ങ് ഇവിടെ സമ്മതിച്ചു. ഇടുക്കി ഡാം പോലെ ഇത്രയും സുരക്ഷിതത്വം എപ്പോഴും കാത്തു സൂക്ഷിക്കാനുള്ള നടപടിയെടുക്കേണ്ട സ്ഥലത്ത് കയ്യേറ്റത്തിനൊക്കെ സാധ്യതയുണ്ടാകുന്നു എന്നതുകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇപ്പോൾ ഹൈക്കോടതിയുടെ അനുവാദത്തോടുകൂടി ഒരു ദിവസത്തേക്ക് ക്ഷേത്രവുമായി ബന്ധപ്പെട്ട പരിപാടി നടത്തി. വി. എച്ച്. പി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത് അവിടെ എന്തു തടസ്സമുണ്ടെങ്കിലും സ്ഥിരമായി ആ ക്ഷേത്ര പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്നാണ്. പോലീസ് പ്രൊട്ടക്ഷൻ ഉണ്ടെങ്കിലും ബോർഡ് ജീവനക്കാരാരും അവിടെ നിൽക്കുന്നില്ല. നിൽക്കാൻ കഴിയാത്ത സാഹചര്യം അവിടെ സൃഷ്ടിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് നിയമസഭാ കമ്മിറ്റിതന്നെ അവിടെപ്പോയി പരിശോധിക്കണം. കാര്യങ്ങൾ മനസ്സിലാക്കണം, വ്യക്തമായി റിപ്പോർട്ട് ചെയ്യണമെന്ന് തീരുമാനിച്ചെങ്കിലും അതിനും കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ നിയമസഭാ കമ്മിറ്റി അവിടെപ്പോയി പരിശോധിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ച് വ്യക്തവും, ശക്തവുമായ നടപടികൾ എടുക്കാനും ഗവൺമെന്റ് മുൻകൈയെടുക്കുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> അതിനെ സംബന്ധിച്ച് ശ്രീ. അഗസ്തി തന്നെ ഇവിടെ പറഞ്ഞു, 24 കിലോമീറ്റർ വിസ്തൃതിയുള്ള ഒരു ജലാശയത്തിന്റെ നടുക്കുള്ള അതിവിസ്തൃതമായ വേദിയാണ്. ബോർഡിന് സൂക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും ചില പരിമിതികളുണ്ട്. പ്രസ്തുത സ്ഥലത്ത് അയ്യപ്പൻ കോവിൽ എന്ന ഒരു അമ്പലം ഇത് കെട്ടുന്ന കാലത്ത് ഉണ്ടായിരുന്നു. അത് മാറ്റിയെടുക്കുന്നതിനുള്ള ദേവപ്രശ്നങ്ങളൊക്കെ വച്ചു. അതിന് മൂന്നു നാല് ഏക്കർ സ്ഥലം ബോർഡ് വാങ്ങിക്കൊടുത്തു. എല്ലാ തന്ത്രവിധികളോടുംകൂടി അത് മാറ്റി അവിടെ അമ്പലവും കാര്യങ്ങളും ഒക്കെ വന്നതാണ്. ഈ ബി. ജെ. പി.-യിലെ തന്നെ

ആർ. എസ്. എസ്., ആ വിഭാഗം എല്ലായിടവും ഉണ്ടല്ലോ, അതിൽ ഒരു ചെറിയ വിഭാഗം, അവർ ഇവിടെത്തന്നെ കെട്ടിയേ തീരൂ എന്നുപറഞ്ഞ്, നിർബന്ധ ബുദ്ധിയോടുകൂടി നിൽക്കുകയാണ്. അവരുടെ നിർബന്ധ ബുദ്ധി ഇതിലല്ല, ഇൻഡ്യയിലെ ഏറ്റവും വലിയ പ്രോബ്ലവും ഒരു അമ്പലത്തെ ചുറ്റിപ്പറ്റി അത് മാറ്റുന്നതിനെ സംബന്ധിച്ചാണ്. അത് എല്ലാപേർക്കും അറിവുള്ളതാണ്. അതൊരു ഇഷ്യൂ ആക്കി അവരെടുത്തു. പക്ഷേ ഇപ്പോൾ അത് കോടതിമൂലവും പോലീസിന്റെ രംഗപ്രവേശനംമൂലവും എക്സിക്യൂട്ടീവ് ഫോഴ്സ് മൂലവും തടഞ്ഞ് മാറ്റിനിർത്തിയിരിക്കുകയാണ്. അവർ കെട്ടുന്നില്ല. നിയമസഭാ കമ്മിറ്റിക്ക് അത് പരിശോധിക്കാവുന്നതാണ്. ഇതിന്റെ കാര്യങ്ങളൊക്കെ നോക്കാം. അവരുടെ റിപ്പോർട്ട് ഫർദറായിട്ട് എന്തെങ്കിലും വേണമെങ്കിൽ അതും ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> ലോകോത്തര സാങ്കേതിക വിദ്യയുടെ മികവാണ് ഇടുക്കി ആർച്ച് ഡാം. കുളമാവ് ഡാം, ചെറുതോണി, ഇടുക്കി ആർച്ച് ഡാം എന്നീ മൂന്ന് ഡാമുകളാണ് ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. ഈ ആർച്ച് ഡാമുകളിൽ തന്നെ പുതിയ സങ്കൽപ്പമെന്ന നിലയിലാണ് കനേഡിയൻ ടെക്നോളജി പ്രയോജനപ്പെടുത്തിയത്. ഇതിനെ സംബന്ധിച്ച് കനേഡിയയിൽ പോയി പഠനം നടത്തിയ നമ്മുടെ കേരളത്തിലെ പത്രപ്രവർത്തകനായ റോയി മാത്യു, ഈ ആർച്ച് ഡാമുകളിൽ വരുന്ന വ്യതിയാനത്തെ സംബന്ധിച്ച് പ്രത്യേകിച്ച് കാനഡയിൽ ആ സാങ്കേതിക വിദ്യ ഔട്ട് ഡേറ്റഡ് ആയിരിക്കുന്നു എന്നതിനെപ്പറ്റിയൊക്കെ ആധികാരികമായി ചില ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് വിലയിരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ഇടുക്കി ഡാമിന്റെ സുരക്ഷിതത്വം, അദ്ദേഹം അവിടെപ്പോയി പഠിച്ച ആളല്ലേ, ബോർഡിലും വിദഗ്ദ്ധരായ ആളുകൾ, ഹൈലി ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളുണ്ട്. അവരുടെ സൂപ്പർവിഷനിൽ അതിന്റെ സംരക്ഷണം സുരക്ഷിതമായി നടക്കുന്നുണ്ട്. അതിന് യാതൊരു അപകട ഭീഷണിയും ഇതുവരെ ഉണ്ടായിട്ടില്ല.

<u>ശ്രീ. ബിനോയ് വിശ്വം:</u> ഇടുക്കി ഡാമിന്റെ സുരക്ഷിതത്വം അപകടത്തിലാണെന്ന് വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. അതിന്റെ ക്രസ്റ്റ് എന്ന് പറയപ്പെടുന്ന അഗ്രഭാഗത്തിന്റെ ഒരു അസാധാരണമായ ചലനത്തെപ്പറ്റിയുള്ള റിപ്പോർട്ട് വന്നുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് ആ സാങ്കേതികപ്രശ്നം, മറുഭാഗത്ത് അങ്ങ് വ്യക്തമാക്കിയതുപോലെ സംഘ്പരിവാറിലെ അതിതീവ്രവാദികളുടെ ഭാഗത്തുനിന്നുമുള്ള സെക്യൂരിറ്റി പ്രോബ്ളവും ഇടുക്കി ഡാം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് രണ്ടിനോടും കാണിക്കുന്ന നിസംഗതയെപ്പറ്റി ഞങ്ങൾക്കെല്ലാ പേർക്കും ആശങ്കയുണ്ട്. ജനങ്ങൾക്കാകെ ആശങ്കയുണ്ട്. കോടതിയിൽ പോലും വി.എച്ച്.പി. ഭാഗത്തുനിന്നുള്ള സമ്മർദ്ദങ്ങളെ ഫലപ്രദമായി നേരിടാൻവേണ്ടി ബോർഡ് ഉദ്യോഗസ്ഥൻമാർ പലവട്ടം പറഞ്ഞിട്ടും വേണ്ടത്ര ജാഗ്രത കാണിക്കാതിരുന്നതിനെപ്പറ്റി വിമർശനവും ഉണ്ടായിട്ടുണ്ട്. ഇതിനെപ്പറ്റിയുള്ള വസ്തുതകൾ വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ഡാമുകളിൽ വെള്ളത്തിന്റെ സമ്മർദ്ദം കൊണ്ട്, അതിന് ഒരു ചെറിയ ചലന വ്യതിയാനമുണ്ടാകും, ഇതിനകത്ത് ആണെങ്കിൽ 42 മില്ലീമീറ്റർവരെ ചലനം ഉണ്ടാകാമെന്ന രീതിയിലാണ് എക്സ്പെർട്ട് കമേഡിയൻ നിർമ്മാതാക്കൾ ആ ഡിസൈൻ ഉണ്ടാക്കിയിരിക്കുന്നത്. ഇന്നുവരെ 26 മില്ലീമീറ്റർവരെ മാത്രമേ അത് പോയിട്ടുള്ളൂ. അതുകൊണ്ട് അപകടത്തിന്റെ രേഖയോ അങ്ങനെയൊന്നും കടന്നുപോകുന്നില്ല. അത്രയുംവരെ അങ്ങോട്ടും ഇങ്ങോട്ടും അതിന്റെ സമ്മർദ്ദം വരുമ്പോൾ ഉണ്ടാകുമെന്നാണ്. അതിന്റെ ശാസ്ത്രം അങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്. പിന്നെ കയ്യേറ്റത്തിന്റെ കാര്യം ഞാൻ പറഞ്ഞു, അത് ഇപ്പോൾ നമ്മുടെ രാജ്യത്ത് വ്യാപകമായി, നിയമവിരുദ്ധമായി ഫോറസ്റ്റ് കയ്യേറ്റം, തുടങ്ങിയവ നടത്തുന്ന ഒരു വിഭാഗം ആളുകളുണ്ട്. എല്ലാ മേഖലയിലും നീയമവാഴ്ചയെ ചോദ്യം ചെയ്തുകൊണ്ട് അക്രമങ്ങൾ നടത്തുന്ന കൂട്ടത്തിൽ ഇവിടേയും വളരെ ചെറിയ തോതിൽ നടന്നു. പക്ഷെ ഗവൺമെന്റ് അത് ഫലപ്രദമായി തടഞ്ഞു, അതിനുശേഷം ഒരു കല്ല് അവർക്ക് അവിടെ വയ്ക്കാൻ കഴിഞ്ഞില്ല. ചെറിയ ഒരു പൂജ നടത്തി, അത് ഹൈക്കോടതി അനുവദിച്ചതുകൊണ്ടാണ്. അത് നിയമവാഴ്ചയുടെ ഭാഗമാണ്. അല്ലാതെ അതിൽ യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല.

<u>ശ്രീ. കെ. കെ. ഷാജു:</u> അവിടെ ശക്തിയേറിയ മഴയും നീരൊഴുക്കുംമൂലം ഡാമിൽ വന്നുനിറയുന്ന എക്കലിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഈ മണ്ണ്, വാരിയെടുക്കുന്ന സംവിധാനത്തെപ്പറ്റിയാണ് പറഞ്ഞതും. വിദേശ രാജ്യങ്ങളിലെല്ലാം എക്കൽ നീരൊഴുക്കുള്ള സമയത്തുതന്നെ ഇളക്കിക്കളയുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഡാമിലും അത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ :</u> വളരെ ചെറിയ ഡാമുകളിലാണ് ഇത് ചെയ്യുന്നത്. അത് ഇവിടേയും ചെയ്യുന്നുണ്ട്. ഇടുക്കി ഡാം പോലെ അതിവിസ്തൃതമായ ഡാമിൽ അടിയിൽ ഇളക്കി ഇങ്ങനെ ഒഴുക്കാൻ സാദ്ധ്യമല്ല. ചെറിയ ഡാമുകളിലാണ് ക്ലിയറൻസിന് ഇങ്ങനെ ഒരു സംവിധാനമുള്ളത്. അത് കേരളത്തിലും ഉണ്ട്, ഇവിടേയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: ഇടുക്കി ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് ആശങ്കയുണ്ടാകുന്ന ഒട്ടനവധി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഈ സഭ തന്നെ പാസാക്കിയിട്ടുള്ള നിയമം അനുസരിച്ച് ഡാം സുരക്ഷയ്ക്കുള്ള ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്. അത് ഇതുവരെയും രൂപീകരിച്ചതായിട്ട് കാണുന്നില്ല. ഇടുക്കി ഡാമിനെ സംബന്ധിച്ചിടത്തോളം വെള്ളം പൂർണ്ണമായി നിറയുന്ന അവസരത്തിൽ ഉണ്ടാകുന്ന ഇലാസ്റ്റിസിറ്റി കഴിഞ്ഞ ചില വർഷങ്ങളിൽ ഉണ്ടായതുപോലെ ഉണ്ടായിട്ടില്ല എന്ന നിലയിലുള്ള എൻജിനീയർമാരുടെ വല്ല റിപ്പോർട്ടും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: അതിന്റെ കണക്കാണ് ഞാൻ പറഞ്ഞത്. ഇതിന്റെ ഡിസൈൻ അനുസരിച്ച് 42 മില്ലീമീറ്റർ വരെ ഇതിന് ചലനമാകാം. പക്ഷെ നമ്മുടെ ഡാമിന് 26 മില്ലീമീറ്റർ വരെ മാത്രമേ ഇതുവരെ വ്യതിയാനം സംഭവിച്ചിട്ടുള്ളൂ. ചലനവ്യതിയാനം പരിശോധിക്കുന്നതിൽ സദാ Finite Element Study എന്നൊരു പഠനമുണ്ട്, അത് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: ഇടുക്കി ഡാമിലെ ജനറേറ്ററുകൾ പലപ്പോഴും പ്രവർത്തനക്ഷമമല്ലാത്തതാണ് വൈദ്യുതി ക്ഷാമത്തിന് പ്രധാന കാരണങ്ങളിലൊന്ന് എന്ന് പറയപ്പെടുന്നു, അതുപോലെതന്നെ ജനറേറ്ററുകൾ പലപ്പോഴും അട്ടിമറിക്കപ്പെടുന്നുണ്ട്. അത് തടയുവാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എല്ലാ ജനറേറ്ററുകളും പ്രവർത്തനക്ഷമമാണോ?

ശ്രീ. കടവൂർ ശിവദാസൻ: ജനറേറ്ററുകളെല്ലാം പ്രവർത്തനക്ഷമമാകില്ല. അഞ്ചോ, ആറോ, ജനറേറ്ററുകൾ ഉണ്ടെങ്കിൽ ഒന്നും രണ്ടും ഇങ്ങനെ റിപ്പയർ ചെയ്തുകൊണ്ടിരിക്കും. ഏതായാലും ജനറേറ്ററുകളുടെ പ്രവർത്തനക്ഷമതയുടെ കുറവുകൊണ്ടോ, അതിന്റെ രാഹിത്യം കൊണ്ടോ അല്ല, ഇവിടുത്തെ വൈദ്യുതി മേഖലയിൽ പ്രശ്നങ്ങളുണ്ടാകുന്നത്. ഇവിടെ വൈദ്യുതി ക്ഷാമമൊന്നുമില്ല. പക്ഷെ ജലമേഖലയിൽ, വൈദ്യുതിയുടെ ഹൈഡൽ മേഖലയിൽ ഉണ്ടാകാം. അത് മഴയില്ലാത്തതുകൊണ്ടാണ്. നമുക്ക് ലഭിക്കേണ്ട മഴയുടെ 45 ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ എന്നതുകൊണ്ട് നമ്മുടെ കഴിവിന്റെ മുഴുവനും പോയിട്ട് ഒരു പത്തു നാൽപ്പതു ശതമാനം മാത്രമേ ഉണ്ടാക്കാൻ കഴിയുന്നുള്ളൂ. ജനറേറ്ററുകളുടെ കുഴപ്പം കൊണ്ടല്ല അത് ഉണ്ടാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: നിലവിലുള്ള വൻഅണക്കെട്ടുകൾ പത്ത് വർഷത്തിലൊരിക്കൽ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കണമെന്ന് കേന്ദ്ര ജല കമ്മീഷന്റെ മാർഗ്ഗനിർദ്ദേശ രേഖയിലുണ്ട്. മാത്രമല്ല, നേരത്തെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടെന്ന റിപ്പോർട്ടുകൾ വന്നപ്പോൾ അത് പരിശോധന നടത്തിയ വിദഗ്ദ്ധ സമിതിയും ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്. ഇത്തരം ഒരു പശ്ചാത്തലത്തിൽ ആദ്യം നിയമനിർമ്മാണ സമയത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രാതിനിധ്യത്തോടുകൂടിയായിരുന്നില്ല നിർദ്ദിഷ്ട ബിൽ ഇവിടെ കൊണ്ടുവന്നത്. Dam Safety Authority Bill നിയമമാക്കിയപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽനിന്നും രണ്ട് ആളുകളെ അതിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് Dam Safety Authority അടിയന്തിരമായി രൂപീകരിക്കുകയും, ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വലിയ അണക്കെട്ടുകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് ഗവൺമെന്റ് ആരംഭിക്കുകയും ചെയ്യുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇതൊക്കെ ഇലക്ട്രിസിറ്റി ബോർഡിന്റെ വിദഗ്ദ്ധന്മാരുടെ നിരന്തരമായ പരിശോധനയിലും കാര്യങ്ങളിലും ഇരിക്കുന്ന വസ്തുതകളാണ്. അതിനും അപ്പുറത്ത് ഒരു World Agency-യുടേത് ഉണ്ടെങ്കിൽ ഉടനെതന്നെ ചെയ്യുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ ഈ നിയമനിർമ്മാണം ഹൈഡൽ പദ്ധതിയുടെ ഡാമിനെ ഉദ്ദേശിച്ചല്ലായിരുന്നു ആദ്യം കൊണ്ടുവന്നത്. അതുകൊണ്ട് ഞങ്ങളുടെ പ്രതിനിധികൾ ഇല്ലായിരുന്നു. അങ്ങ് ഇപ്പോൾ അക്കാര്യം ചൂണ്ടിക്കാണിച്ചു. ഇപ്പോൾ അതും കൂടി ഉൾപ്പെടുത്തി എത്രയുംവേഗം അത് നടത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്. ഞങ്ങളല്ല അതിന്റെ ഇനിഷ്യേറ്റീവ് എടുക്കേണ്ടത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ഇടുക്കി ഉൾപ്പെടെയുള്ള എല്ലാ ഡാമുകളുടേയും സുരക്ഷയെ ബാധിക്കുന്നതാണ് മണ്ണൊലിപ്പും ഉരുൾപൊട്ടലും. ഫോറസ്റ്റ്, വൈദ്യുതി, ജലസേചനം, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് മണ്ണൊലിപ്പ് ഫലപ്രദമായി തടയുന്നതിനും റിസർവോയറിന്റെ കപ്പാസിറ്റി നിലനിറുത്തുന്നതിനുമാവശ്യമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പദ്ധതി വിവിധ ഡിപ്പാർട്ടുമെന്റുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കാര്യമാണ്. ഇത് പ്രായോഗികമാണോയെന്ന് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഇടുക്കി അണക്കെട്ടിന് ഏറ്റവും വലിയ ഭീഷണിയായി കാണുന്ന ഒന്നാണ് 110 കൊല്ലംമുമ്പ് സുർക്ക ഉപയോഗിച്ച് നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ട്. അത് എപ്പോൾ വേണമെങ്കിലും തകരുമെന്ന ആരോപണവും ശക്തമായ പ്രചരണവുമുണ്ടായിരുന്നു. തമിഴ്നാട് സർക്കാർ പ്രസ്തുത അണക്കെട്ട് സ്ട്രെംഗ്തൻ ചെയ്തു എന്നാണ് പറയുന്നത്. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡ് അക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ മുല്ലപ്പെരിയാർ അണക്കെട്ട് സ്ട്രെംഗ്തൻ ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ തമിഴ്നാട് സർക്കാരുമായി പ്രത്യേകമായ ചർച്ച നടത്തുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലല്ല അതിന്റെ പരിശോധനയും നിയന്ത്രണവും. എന്നാലും ഗവൺമെന്റ് എന്ന നിലയിൽ കൺസേൺഡ് ഡിപ്പാർട്ടുമെന്റ് ഇത് പരിശോധിച്ച് അതിനുവേണ്ട കാര്യങ്ങളൊക്കെ ചെയ്യും.

ശ്രീ. വി. കെ. ചന്ദ്രൻ: ഇടുക്കി ഡാമിന്റെ സുരക്ഷയ്ക്ക് ഭീഷണിയായിക്കൊണ്ട് ഡാമിന്റെ റിസർവോയറിൽ ക്ഷേത്രനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഡാമിന്റെ റിസർവോയറിൽ ക്ഷേത്രം നിർമ്മിച്ചതിന്റെ ഭാഗമായി ഡാമിൽ വേണ്ടത്ര വെള്ളം സംരക്ഷിക്കാൻ കഴിയാത്ത ഒരു അവസ്ഥ വരുന്നുണ്ട്. ഇങ്ങനെ ഡാം നിറയാത്തതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയാത്ത ഒരു അവസ്ഥയും വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വൈദ്യുതി ഉൽപാദന രംഗത്ത് എത്ര കണ്ട് കുറവ് വരാനും ജലസംരക്ഷണരംഗത്ത് എത്രകണ്ട് കുറവുവരാനും സാദ്ധ്യതയുണ്ടെന്നത് സംബന്ധിച്ച് ബോർഡ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: ഇതൊരു പ്രത്യേകമായ ചോദ്യമാണ്. എന്റെ ഓർമ്മയിൽ നിന്നും പറയുകയാണെങ്കിൽ ഇരുപത്തിയഞ്ച് ഇരുപത്തിയാറ് ശതമാനം വരും. അതിൽ തട്ടരുത് എന്ന് പറഞ്ഞാൽ അതായത് വെള്ളം പൊങ്ങുമ്പോൾ ഒരു കോടതി ഉത്തരവിനും വെള്ളം പൊങ്ങുന്നത് തടയാൻ കഴിയില്ല. ഇവിടത്തെ പ്രശ്നം വെള്ളം നിറയുന്നില്ല എന്നുള്ളതാണ്. വെള്ളം നിറഞ്ഞാൽ അമ്പലം ഒലിച്ചുപോയേനേ. നിറയുന്നില്ല എന്നുള്ളതുകൊണ്ടാണ് അത് അവിടെ നിൽക്കുന്നത്. ഇനി വരാവുന്നത് ഞങ്ങളുടെ അമ്പലത്തിൽ വെള്ളം തൊട്ടുപോകരുതെന്ന് പറഞ്ഞ് ആരെങ്കിലും പ്രക്ഷോഭണം നടത്തിയാൽ അപ്പോൾ അവിടത്തെ കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കും. ക്ഷേത്രം അവിടെ നിൽക്കുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷേ അങ്ങനെ ക്ഷേത്രം അവിടെ നിറുത്തേണ്ടിവന്നാൽ ഇരുപത്തിയഞ്ച് ഇരുപത്തിയാറ് ശതമാനം വെള്ളം നിറയുന്നതിന് ആളുകൾ തടസ്സം ഉണ്ടാക്കിയെന്ന് വരാം. അല്ലാതെ അവിടെ ഒരു ചെറിയ അമ്പലം നിൽക്കുന്നത് കൊണ്ട് ഡാമിന് വേറെ ഒരു കുഴപ്പവുമില്ല.